ഉത്തരം

(എ) 17-5-2001-നുശേഷം മഞ്ചേരി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ 77-ഉം അരീക്കോട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ 35-ഉം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) എല്ലാ കേസുകളിലെയും പ്രതികളെ അറസ്റ്റു ചെയ്തിട്ടില്ല.

(സി) മഞ്ചേരി പോലീസ് സ്റ്റേഷനിലെ 52 കേസിലേയും അരീക്കോട് പോലീസ് സ്റ്റേഷനിലെ 25 കേസിലേയും പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. പ്രതികളെക്കുറിച്ച് വ്യക്തമായ അറിവ് ലഭിക്കാത്തതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല.

(ഡി) അന്വേഷണം നടത്തി പ്രതികളെ കണ്ടെത്തുന്ന മുറയ്ക്ക് അറസ്റ്റ് ചെയ്യുന്നതാണ്.

ജന്മദേശം പത്രത്തിന്റെ പ്രസ്സ് തീവെച്ച സംഭവം

68 [5212] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിന്നും പ്രസിദ്ധീകരിക്കുന്ന ജന്മദേശം പത്രത്തിന്റെ പ്രസ്സ് കഴിഞ്ഞ ജൂലൈ 12-ാംതീയതി പുലർച്ചെ തീ വെച്ച് നശിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(സി) ഏത് അന്വേഷണ ഏജൻസിയാണ് ഈ കേസ് അന്വേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്സ് കത്തി നശിച്ചതിനാൽ വൻ സാമ്പത്തികനഷ്ടം നേരിട്ട പത്രമുടമയ്ക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഹോസ്ദുർഗ് സർക്കിൾ ഇൻസ്പെക്ടറാണ് അന്വേഷിക്കുന്നത്.

(ഡി) നിലവിലുള്ള ചട്ടപ്രകാരം നഷ്ടപരിഹാരം നൽകാൻ നിർവ്വാഹമില്ല.

വർഗ്ഗീയ കലാപങ്ങൾക്ക് അറുതി വരുത്താൻ നടപടി

69 [5213] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) എൻ. ഡി. എഫ്., ആർ. എസ്. എസ്., വി. എച്ച്. പി. എന്നീ സംഘടനകൾ കേരളത്തിൽ ആയുധപരിശീലനം നടത്തുന്നുണ്ടോ;

(ബി) ഇതിനായി പള്ളികളെയും അമ്പലങ്ങളെയും ഉപയോഗപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിശീലനത്തിനും ആക്രമണങ്ങൾക്കുമായി ഉപയോഗിക്കുന്ന ആയുധങ്ങൾ ഏതെങ്കിലും ആരാധനാലയത്തിൽനിന്നും പിടിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ എവിടെ നിന്നെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസുകളിലായി എന്തെല്ലാം ആയുധങ്ങളാണ് പിടിച്ചെടുത്തത്; ആയുധങ്ങൾ സൂക്ഷിച്ചതിന് ആരുടെയെങ്കിലും പേരിൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ആരുടെയൊക്കെ പേരിലാണ്;

(ഡി) വർഗ്ഗീയ സംഘർഷം വളർത്തുന്നതിന് ഇടയാക്കുന്ന ഇത്തരം ആയുധ പരിശീലനവും ആയുധസംഭരണവും നിയമംമൂലം നിരോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇടയ്ക്കിടെ കടലോരമേഖലകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വർഗ്ഗീയ കലാപങ്ങൾക്ക് അറുതി വരുത്തുന്നതിന് പ്രസ്തുത മേഖലകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും ജാതിക്കതീതമായി കൂട്ടായ്മകളും സ്ഥിരമായി സംഘടിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ആർ.എസ്.എസ്., വി.എച്ച്.പി. പ്രവർത്തകർ ദണ്ഡ (നീളമുള്ള വടി) പരിശീലനം നടത്തുന്നതും എൻ.ഡി.എഫ്.-കാർ കായിക പരിശീലനം നടത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആർ.എസ്.എസ്./വി.എച്ച്.പി. പ്രവർത്തകർ അമ്പലപറമ്പുകളിൽ ദണ്ഡ പരിശീലനം നടത്തുന്നുണ്ട്. പള്ളികളിൽ കായികപരിശീലനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാറാട് അക്രമത്തിന് ഉപയോഗിച്ച ചില ആയുധങ്ങൾ മാറാട് പള്ളിയിൽ നിന്നും പിടിച്ചെടുത്തിട്ടുണ്ട്. നാദാപുരം ചെറുമോത്ത് പള്ളിയിൽനിന്നും ആക്രമണങ്ങൾക്ക് ഉപയോഗിക്കുന്ന ആയുധങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്.

(സി) മാറാട് പള്ളിയിൽ നിന്ന് വടിവാൾ, മീൻകത്തി, വാൾക്കഷ്ണം, ചെറിയ കത്തി, വാൾപിടി, ഇരുമ്പ് പാര, അരമടവാൾ, പി.വി.സി. പൈപ്പ്, ബോംബ്, പന്തം, കതിനക്കുറ്റി, മണ്ണെണ്ണ നിറച്ച ടിൻ, ഇരുമ്പ് പൈപ്പ്, 180 എം.എൽ. പെട്രോൾ നിറച്ച കുപ്പി, ഉലക്ക, മരവടി, ഇരുമ്പുകത്തി, ബോംബ് പൊട്ടിയത്, പിരിക്കമ്പി കൂർത്തത്, ഫൈബർ പെട്ടി, സൈക്കിൾ ചെയിൻ, മോട്ടോർ സൈക്കിൾ ചെയിൻ, പ്ലാസ്റ്റിക് നൂലിൽ കെട്ടിയ കരിനൂൽക്കഷ്ണം എന്നീ ആയുധങ്ങൾ പിടിച്ചെടുക്കുകയും പ്രതികൾക്കെതിരെ ക്രൈം 116/സി.ആർ./03 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ കേസിലെ പ്രതികൾ മാറാട് കൂട്ടക്കൊലയിലെ പ്രതികളാണ്.

LIBRARY ARCHIVES Kerala Legislative Assembly

നാദാപുരം ചെറുമോത്ത് പള്ളിയിൽനിന്ന് നാടൻ ബോംബ്, ടിൻ ബോംബ്, വാൾ, കത്തി, മഴു, വെടിയുണ്ട, കാലി കെയ്സ്, സിഗറ്റ് ലൈറ്റർ, ലെഡ്ഷീറ്റ്, ഫെവിക്കോൾ, ഫ്യൂസ് വയർ, വെടിമരുന്ന് എന്നിവ കണ്ടെടുക്കുകയും ക്രൈം നമ്പർ 873/2001 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിൽ സാദിഖ്, മജീദ്, ഷാജഹാൻ, റഷീദ്, ബഷീർ, ഇബ്രാഹിം, മൂസഹാജി, ഓ. പി. അബ്ദുള്ള, അബ്ദുള്ള, കുഞ്ഞാലി, ഇബ്രാഹിം ഹാജി, പോക്കർ, ഹസൻ, മൊയ്തുഹാജി, ഉമ്മർ മുസലിയാർ, അബൂബക്കർ മുസലിയാർ, അഹമ്മദ് മുസലിയാർ, മജീദ്, അൻസാർ, സുബൈർ, ബഷീർ അഷറഫ്, കുഞ്ഞമ്മദ്, കമാൽഹാജി, അഫ്സൽ, സൂപ്പി എന്നിവർ പ്രതികളാണ്.

(ഡി) ഇപ്പോൾ അത്തരം സാഹചര്യം നിലവിലില്ല.

(ഇ) മതസൗഹാർദ്ദം, സാമുദായിക അസ്വസ്ഥതകൾ എന്നിവ സംബന്ധിച്ച് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ജില്ലാതല അവലോകനയോഗത്തിൽ ചർച്ച ചെയ്യാറുണ്ട്. കൂടാതെ സാമുദായിക സംഘർഷം ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ സമൂഹത്തിലെ വിവിധ തലങ്ങളിൽ ഉൾപ്പെട്ടവരെ ഉൾക്കൊള്ളിച്ചുകൊണ്ട് സമാധാന കമ്മിറ്റികൾ രൂപീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

പി.ഡി.പി. സെക്രട്ടേറിയറ്റ് മാർച്ച്

70 [5214] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം നടന്ന പി.ഡി.പി. സെക്രട്ടേറിയറ്റ് മാർച്ച് ഉദ്ഘാടനം ചെയ്ത് പ്രകോപനപരവും ദേശദ്രോഹപരവുമായ പ്രസംഗം നടത്തിയതിന് ഈ മന്ത്രിസഭയിലെ ഏതെങ്കിലും അംഗത്തിനെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെ പേരിലാണ് എന്നും ഏതെല്ലാം വകുപ്പ് ഉപയോഗിച്ചാണ് കേസ് എടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) കേസ് ചാർജ് ചെയ്തിട്ടുണ്ടോ; എങ്കിൽ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഒരു സ്വകാര്യ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഗതാഗതവകുപ്പുമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്കെതിരെ 153(എ) ഐ.പി.സി. പ്രകാരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 396/2002 നമ്പറായിട്ടാണ് കേസ് രജിസ്റ്റർ ചെയ്തത്.

(സി) ഹരിദാസ് എന്നയാൾ കോടതി മുമ്പാകെ സമർപ്പിച്ച സ്വകാര്യ അന്യായത്തിന്റെ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്തത്. കേസിന്റെ അന്വേഷണത്തിൽ പ്രകോപനപരമായും ദേശദ്രോഹപരമായും പ്രസംഗം നടത്തിയിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേസ് ചാർജ് ആയി പരിഗണിച്ച് റഫർ ചാർജ് തയ്യാറാക്കി 5-5-2003-ന് കോടതിക്ക് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly